ണങ്ങളോടൊപ്പം, ഗോത്രവർഗ്ഗക്കാരുടെ സാമ്പത്തിക—സാമൂഹ്യ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രസ്ഥാനങ്ങളിലും ഇവർ സക്രിയമായ പങ്കുവഹിച്ചു. ഝാർഖണ്ഡ് മുക്തിമോർച്ചയുമായി ബന്ധപ്പെട്ട 'അഖില ഝാർഖണ്ഡ് വിദ്യാർത്ഥി യൂണിയൻ' (എ. ജെ. എസ്. യു.) 1986-ൽ രൂപവൽക്കരിക്കപ്പെട്ടു. സൂര്യസിംഹ് ബേസ്ര എന്ന യുവാവായ നേതാവിൻെറ കീഴിൽ ഈ വിദ്യാർത്ഥി സംഘടന വിപുലമായ ഒരു ജനജാഗരണപ്രസ്ഥാനം ഗോത്രവർഗക്കാർക്കിടയിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഝാർഖണ്ഡ് പ്രദേശത്തിലെ പത്തൊമ്പതു ജില്ലകളിൽ ഗ്രാമതലത്തിലുള്ള സംഘടനകൾ ഇവർ ഇതിനകം കെട്ടിപ്പടുത്തിട്ടുണ്ട്.

ഇന്ത്യൻ യൂണിയനു് അകത്തു് ഝാർഖണ്ഡ് എന്ന ഒരു സംസ്ഥാനം രൂപവൽക്കരിക്കണമെന്നാവശ്യപ്പെടുന്ന ഒരു നിവേദനം ഇക്കഴിഞ്ഞ സെപ്റ്റംബറിൽ പ്രധാനമന്ത്രി രാജീവ്ഗാന്ധിക്കു് അഖിലഝാർഖണ്ഡ് വിദ്യാർത്ഥിസംഘടന നൽകിയിട്ടുണ്ട്. ഈ വർഷം (1987)അവസാനിക്കുംമുമ്പ് ഇതിനുവേണ്ട നടപടികൾ കേന്ദ്രഗവണ്മെൻറ് കൈക്കൊള്ളാത്തപക്ഷം, ഝാർഖണ്ഡ് പ്രദേശത്തിലെ റോഡ്—റയിൽവേ—ഗതാഗതം തികച്ചും തടയുന്ന ഒരു അഹിംസാത്മകപ്രസ്ഥാനം ആരംഭിക്കുന്നതാണെന്നു് ഈ നിവേദനത്തിൽ ഭീഷണിപ്പെടുത്തിയിട്ടുമുണ്ട്. അസമിലെ വിദ്യാർത്ഥികൾ വിജയകരമായി നടപ്പിൽ വരുത്തിയ പ്രക്ഷോഭണമാർഗങ്ങൾ ഝാർഖണ്ഡ് വിദ്യാർത്ഥിസംഘടനയും പ്രയോഗിച്ചു നോക്കിക്കൂടെന്നില്ല.

സ്ഫോടനശക്തിയുള്ള ഒരു പ്രക്ഷോഭണോപാധിയാണ് ഭാഷ. പക്ഷേ, ഭാഷയേക്കാൾ സ്ഫോടനസാദ്ധ്യത എത്രയോ കൂടുതലുള്ള പ്രക്ഷോഭണോപാധികളാണ് മതം, വർഗം എന്നിവ. വർഗത്തിൻെറയും മതത്തിൻെറയും അടിസ്ഥാനത്തിൽ കെട്ടിപ്പടുത്ത ഒരു വിഘടന പ്രസ്ഥാനം ഝാർഖണ്ഡ് പ്രദേശത്തു ശക്തിപ്രാപിക്കുന്നപക്ഷം, ഇന്ദിരാ കോൺഗ്രസ്സിനും രാജീവ്ഗാന്ധിയുടെ ഗവണ്മെൻറിനും എതിരായ പാർട്ടികളുടെയും പ്രസ്ഥാനങ്ങളുടെയും പിന്തുണ അതിനു കൈവരുമെന്നാണ് ഇന്നത്തെ നിലയിൽ, കരുതേണ്ടതു്. ഒരുവശത്തു് ഖാലിസ്ഥാൻ പ്രക്ഷോഭകരോടും മറുവശത്തു് ഗോർഖാലാൻഡ് പ്രക്ഷോഭകരോടും ദൃഢങ്ങളായ ബന്ധങ്ങൾ സ്ഥാപിക്കാൻ കഴിഞ്ഞാൽ, ഝാർഖണ്ഡ് പ്രക്ഷോഭം ആശങ്കാകരമാംവണ്ണം വളർന്നുവന്നുകൂടായ്കയില്ല. ഏതായാലും, 1988—ാമാണ്ടിൽ ഝാർഖണ്ഡ് പ്രക്ഷോഭണം ഇന്ത്യയിലെ പത്രങ്ങളിൽ ഒരു സ്ഥിരം വാർത്തയും കേന്ദ്രഗവണ്മെൻറിനു് ഒരു സ്ഥിരം തലവേദനയുമായിരിക്കുമെന്നാണ് കരുതേണ്ടതു്.

(1 ഡിസംബർ, 1987)

# 42. തൃഷ്ണ

1987 ജനുവരി 26—ാം തീയതി ദില്ലിയിൽ നടന്ന റിപ്പബ്ലിക്ദിന പരേഡിൽ കാണികളുടെ ശ്രദ്ധ വളരെയധികം ആകർഷിച്ച ഫ്ളോട്ടുകളിലൊന്നു് 'തൃഷ്ണ' എന്ന പായ്ക്കപ്പലിൻെറ മാതൃകയായിരുന്നു. (കൊല്ലത്തു് ഇരുന്നു് ടെലിവിഷനിൽ ഞാൻ അതു കണ്ടു.) മുപ്പത്തേഴ് അടി നീളത്തിൽ ഫൈബർഗ്ലാസ്കൊണ്ടു് നിർമിച്ച 'തൃഷ്ണ' 1985 സെപ്റ്റംബർ 28—ാം തീയതി ബോംബെയിൽനിന്നു് യാത്ര പുറപ്പെട്ടു്, ആഫ്രിക്ക ചുററി, അററ്ലാൻറിക്സമുദ്രം കടന്നു്, പനാമ തോട്ടിലൂടെ

ശാന്തസമുദ്രത്തിൽ പ്രവേശിച്ച്, ആസ്ട്രേലിയയുടെ വടക്കുഭാഗത്തുകൂടെ ഇന്ത്യാസമുദ്രത്തിലെത്തി. പതിനഞ്ചു മാസംകൊണ്ട് ഭൂമിയെ ഒന്നു പ്രദക്ഷിണംവെച്ച്, 1987 ജനവരി 9—ാം തീയതി ബോംബെയിൽ തിരിച്ചെത്തുകയും അങ്ങനെ സാഹസപര്യടനത്തിന്റെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം—ഇന്ത്യക്കാരെ സംബന്ധിച്ചിടത്തോളം ആദ്യത്തെ അദ്ധ്യായം രചിക്കുകയുംചെയ്തു.

'ഓ! ഇതിലെന്തിരിക്കുന്നു? ജെററ്വിമാനങ്ങളുടെ ഈ കാലഘട്ടത്തിൽ, ഏതാനും മണിക്കൂറുകൾകൊണ്ട് ചുററി വരാവുന്നതല്ലേയുള്ള ഭൂമി? ബാഹ്യാന്തരീക്ഷയാത്രികരാണെങ്കിൽ, എത്ര തവണ ഭൂമിയെ വലംവെച്ചിരിക്കുന്നു!' എന്നു വായനക്കാരിൽ ചിലരെങ്കിലും പറഞ്ഞേക്കും. എന്തും നിസ്സാരമാക്കിക്കാണുന്നതിനുള്ള പ്രവണത ചിലർക്ക് ജന്മസിദ്ധമാണ്. പക്ഷേ, ഒരു ചെറിയ ബോട്ടിൽ കടലിലെ തിരമാലകളുമായി ഏതാനും മണിക്കൂറുകൾ മല്ലിടാൻ അവർക്ക് അവസരം ലഭിക്കട്ടെ. അതില്ലെങ്കിൽ, കൊച്ചിയിൽനിന്നു കപ്പൽ കയറി ലക്ഷദ്വീപുവരെയെങ്കിലും അവർ സഞ്ചരിക്കട്ടെ. നിത്യാത്ഭുതമായ സമുദ്രത്തിന്റെ ഭയങ്കരതയും സൗന്ദര്യവും ഒരിക്കൽ കണ്ടറിഞ്ഞവർ 'തൃഷ്ണ'യുടെ ഭൂപ്രദക്ഷിണത്തിലടങ്ങിയ സാഹസികതയെ മനസ്സിലാക്കി ആദരിക്കാതിരിക്കയില്ല.

ഭാരതീയ സേനയിലെ പത്ത് എൻജിനീയർമാരാണ് മുപ്പതിനായിരം മൈൽ നീണ്ട ഈ കടൽയാത്ര വിജയകരമായി പൂർത്തിയാക്കിയത്. ഗംഗയിലൂടെ ഹരിദ്വാരത്തിൽനിന്ന് സംഗമംവരെ സഞ്ചരിച്ചും, ഹിമാലയത്തിൽ നെടുകെ നടന്നും, സാഹസപര്യടനങ്ങളുടെ പല മാതൃകകൾ ഇതിനു മുമ്പുതന്നെ നാടിനു കാഴ്ചവെച്ചവരാണ് സേനയിലെ എൻജിനീയർവിഭാഗം (സാപ്പേഴ്സ്). ലെഫ്ററനൻറ് കേണൽ കെ. എസ്. റാവു ആയിരുന്നു 'തൃഷ്ണ'യുടെ കപ്പിത്താൻ. യാത്ര തുടങ്ങുമ്പോൾ 'മേജർ' ആയിരുന്ന റാവുവിനു യാത്രാമദ്ധ്യത്തിലാണ് ഉദ്യോഗക്കയററം കിട്ടിയത്. യാത്രയ്ക്കിടയിൽ പിറന്ന മകൾക്ക് അദ്ദേഹം 'തൃഷ്ണ' എന്നു പേരിട്ടതിൽ ആശ്ചര്യപ്പെടാനില്ല.

സർക്കാർ പണം ഉപയോഗിച്ച് ഒരു പായ്ക്കപ്പൽ വാങ്ങി ഏതാനും പട്ടാള—ഉദ്യോഗസ്ഥന്മാരെ കടലിൽ അലയാൻ വിട്ടിട്ട് എന്തു കാര്യം എന്നു വിചാരിക്കുന്ന ചിലർ ദില്ലിയിൽ ഇല്ലാതിരുന്നില്ല. പൂനയിൽവെച്ച് സിഖ് ഭീകരരുടെ വെടിയേററു മരിച്ച ജനറൽ എ. എസ്. വൈദ്യ നേരിട്ട് ഇടപെട്ടതിന്റെ ഫലമായാണ് 1984—ൽ 'തൃഷ്ണ' എന്ന ചിലരുടെ സ്വപ്നം ഒരു യാഥാർത്ഥ്യമായിത്തീർന്നത്. പര്യടനപരിപാടി പ്രസിദ്ധീകരിച്ചപ്പോൾ, അതിൽ ചേരുവാൻ ഒട്ടേറെ സാഹസപ്രണയികൾ മുന്നോട്ടു വന്നു. അവരിൽനിന്ന്, പായ്ക്കപ്പലോടിച്ചു മുമ്പുതന്നെ പരിചയം നേടിയിരുന്ന പത്തു പേരെ തിരഞ്ഞെടുത്തു. ഈ ടീമിന്റെ മാനേജർ ആയി നിയമിക്കപ്പെട്ട കേണൽ ടി. പി. എസ്. ചൗധരി, മററ് അഞ്ച് സഹപ്രവർത്തകരോടൊപ്പം ഇംഗ്ലണ്ടിൽചെന്ന്, ഫിൻലാൻഡിൽ നിർമിച്ചതും 'ഗിനിവിയർ ഓഫ് എസ്സെക്സ്' എന്ന പേരു നൽകപ്പെട്ടിരുന്നതുമായ, മുപ്പത്തേഴടി നീളവും പതിനൊന്നടി വീതിയുമുള്ള, പായ്ക്കപ്പൽ ആറുലക്ഷത്തിൽപ്പരം രൂപ വിലയ്ക്കു വാങ്ങി, പായകൾക്കു പുറമെ, ആപദ്ഘട്ടത്തിൽ ഉപയോഗിക്കാൻ ഇരുപത്തിമൂന്നു കുതിരശക്തിയുള്ള ഒരു ഡീസൽ എൻജിനും ഈ കപ്പലിലുണ്ട്. കടലിന്റെ ആഴം, കാററിന്റെ ഗതി മുതലായവ നിർണയിക്കുന്നതിനുള്ള അത്യാധുനിക സംവിധാനങ്ങളും റേഡിയോതരംഗങ്ങൾ സ്വീകരിക്കുന്നതിനും അയയ്ക്കുന്നതിനുമുള്ള ഉപകരണങ്ങളും മററും ഘടിപ്പിച്ച ഈ പായ്ക്കപ്പൽ ആഴക്കടലിൽ ദൂരയാത്രയ്ക്കു തികച്ചും ഉപയുക്തമാണ്. 'സാഹസ

ത്തിനുള്ള അടങ്ങാത്ത ദാഹം' എന്ന അർത്ഥത്തിൽ ഈ പായ്ക്കപ്പലിനു് 'തൃഷ്ണ' എന്ന പുതിയ പേരു് നൽകപ്പെട്ടു.

കപ്പിത്താൻ റാവുവിന്റെ 'നാവികർ' നയിച്ചതു് ഒരു വിനോദയാത്രയൊന്നുമായിരുന്നില്ല. 'തൃഷ്ണ'യുടെ പായകൾ പലപ്പോഴും കൊടുങ്കാററടിച്ചു് കീറിപ്പോയി. അടിയന്തിരഘട്ടങ്ങളിൽ ഡീസൽ എൻജിൻ പണിമുടക്കി, റേഡിയോവഴി വാർത്താസംപ്രേഷണവും സ്വീകരണവും പലകുറി തടസ്സപ്പെട്ടു. മഴയും കൊടുങ്കാററും, അമ്പതു് അടിവരെ ഉയർന്ന തിരമാലകളും, ഈ ചെറിയ പായ്ക്കപ്പലിനെ പലപ്പോഴും എടുത്തു് അമ്മാനമാടി. ആസ്ട്രേലിയയിൽനിന്നു പുറപ്പെട്ടു് ഏറെ കഴിയുന്നതിനുമുമ്പു് കടലിൽ അടയാളപ്പെടുത്താതിരുന്ന ഒരു പവിഴപ്പാറയിൽ 'തൃഷ്ണ' കയറി ഉറച്ചു. ഫിജിദ്വീപിനടുത്തുവെച്ചു് രണ്ടു തിമിംഗലങ്ങൾ 'തൃഷ്ണ'യിൽ ആകൃഷ്ടരായി. അവ 'തൃഷ്ണ'യുടെ പതിനഞ്ചു് മീററോളം അടുത്തുവന്നു. അതിനു ചുററും നീന്തി; അതിനടിയിലൂടെ മുങ്ങാംകുഴിയിട്ടു കളിച്ചു. ഒരു മണിക്കൂറോളം ഈ തിമിംഗലങ്ങൾ 'തൃഷ്ണ'ക്കു് അകമ്പടി സേവിച്ചു. അവയിലൊന്നു് അടുത്തുവന്നു്, വാലുകൊണ്ടു് ഒരടി അടിച്ചാൽ 'തൃഷ്ണ' തകർന്നു തരിപ്പണമായേനെ. തിമിംഗലങ്ങളെ ഓടിക്കാൻ 'തൃഷ്ണ'യിലെ നാവികർ ഡീസൽ എൻജിൻ പ്രവർത്തിപ്പിച്ചുനോക്കി. പക്ഷേ, എൻജിൻ 'സ്റ്റാർട്ടു്' ആവാൻ കൂട്ടാക്കിയില്ല. ഒടുവിൽ, 'തൃഷ്ണ'യെ തകർത്തേ തിമിംഗലങ്ങൾ പിൻവാങ്ങൂ എന്നു ബോദ്ധ്യംവന്നപ്പോൾ നാവികർ ലൈഫ് ജാക്കററുകൾ ധരിച്ചു കടലിൽ ചാടി നീന്താൻ തയ്യാറായി. ഭാഗ്യവശാൽ അപ്പോഴേക്കു് ഡീസൽ എൻജിൻ പ്രവർത്തിച്ചുതുടങ്ങി. ശബ്ദം കേട്ടു ഭയന്നാവണം, തിമിംഗലങ്ങൾ 'തൃഷ്ണ'യോടു വിടവാങ്ങുകയുംചെയ്തു.

'തൃഷ്ണ'യുടെ സാഹസയാത്ര ഇന്ത്യയിൽ നല്ല പ്രതികരണം സൃഷ്ടിച്ചു. 1987 ജനുവരി 9-ാം തീയതി ബോംബെയിൽ തിരിച്ചെത്തിയ 'തൃഷ്ണ'ക്കു് ഹാർബറിൽവെച്ചു് പലതരം നൗകകൾ ചേർന്നു് ആഡംബരിതമായ സ്വീകരണം നൽകി. അവരെ അഭിനന്ദിക്കാൻ സർവസൈന്യാധിപനായ ജനറൽ കെ. സുന്ദർജി ബോംബെയിൽ പറന്നെത്തി.

റിപ്പബ്ലിക്ദിനപ്പരേഡിൽ 'തൃഷ്ണ'യുടെ മാതൃക പ്രദർശിപ്പിച്ചതിനുപുറമെ, ആ പായ്ക്കപ്പലിൽ ഭൂപ്രദക്ഷിണം നടത്തിയ നാവികരെ ഇന്ത്യാഗവണ്മെൻറു് സമുചിതമായി ആദരിക്കുകയുംചെയ്തു. അതിന്റെ കപ്പിത്താനായിരുന്ന ലെഫ്ററനൻറു് കേണൽ കെ. എസ്. റാവു, സഹനാവികരായിരുന്ന ക്യാപ്ററൻ സഞ്ജീവ്ശേഖർ, ക്യാപ്ററൻ ചന്ദ്രഹാസ് ഭാരതി എന്നിവർക്കു പ്രശസ്തസേവനത്തിനുള്ള 'ശൗര്യചക്രം' നൽകപ്പെട്ടു. മേജർ എ. ഭട്ടാചാര്യ, മേജർ എസ്. എൻ. മാഥുർ, ക്യാപ്ററൻ രാകേശ് ബസ്സി, ലെഫ്ററനൻറു് നവിൻ ആഹൂജ എന്നിവർക്കു സേനാമെഡലും, മുമ്പു് ഒരു സേനാ മെഡൽ നേടിയിരുന്ന മേജർ എ. പി. സിംഹിനു് അതിന്റെകൂടെ ഒരു 'ബാറും' ലഭിച്ചു. 'തൃഷ്ണ'യുടെ ടീം മാനേജർ ആയിരുന്ന കേണൽ ടി. പി. എസ്. ചൗധരിക്കു് ലഭിച്ചതു് 'അതിവിശിഷ്ടസേവാ മെഡൽ' ആണു്.

ഏററവും ഉയന്ന ബഹുമതി നല്കപ്പെട്ടതു് 1983-ൽ പൂനേയിൽവെച്ചു നേരിട്ട ഒരു അപകടത്തിൽ ഒരു കാൽ മുട്ടിനുമീതെവെച്ചു മുറിച്ചുകളയേണ്ടി വന്നിരുന്ന മേജർ അശോക്കുമാർ സിംഹിനു് ആണു്. 1977-ൽ ഒരു തുറന്ന തോണിയിൽ ബോംബെയിൽനിന്നു് ഈറാനിലെ 'ബന്ദർ അബ്ബാസ്'വരെ സഞ്ചരിച്ച ഇദ്ദേഹത്തിനു മുമ്പുതന്നെ സേനാമെഡൽ നൽകപ്പെട്ടിരുന്നു. തന്റെ അംഗവൈകല്യം വകവയ്ക്കാതെയാണു് മേജർ സിംഹ് 1985-ൽ 'തൃഷ്ണ'യുടെ സാഹസിക യാത്രയിൽ ചേർന്നതു്. ഇതുമൂലം ലോകം ചുററിസഞ്ചരിച്ച ആദ്യത്തെ വികലാംഗൻ എന്ന അപൂർ

വബഹുമതി മേജർ എ. കെ. സിംഹിന് സ്വയം കൈവന്നു. രാഷ്ട്രപതി റിപ്പബ്ലിക്ദിനത്തിൽ പ്രശസ്ത സേവനത്തിനുള്ള **'കീർത്തിപത്രം'** നല്കി അദ്ദേഹത്തെ ബഹുമാനിക്കുകയുംചെയ്തു.

1988–ൽ, **'തൃഷ്ണ'** വീണ്ടുമൊരു ഭൂപ്രദക്ഷിണം നടത്തുന്നതാണ്. ഇതിനുള്ള നാവികരെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണത്രെ. നിങ്ങൾക്ക് ഇതിൽ താല്പര്യമുണ്ടോ?

'തൃഷ്ണ'യിൽ കയറി ഭൂമി ചുററാൻ എനിക്കു താല്പര്യമില്ല. പക്ഷേ, അതിൽ കയറി ഭൂമി ചുററുന്നവരുടെ സാഹസാനുഭവങ്ങൾ വായിക്കാൻ എനിക്കു 'തൃഷ്ണ' ഉണ്ട്. ഭൂമിയെ പ്രദക്ഷിണംവയ്ക്കുന്നതുകൊണ്ടുള്ള പുണ്യം 1959–ൽത്തന്നെ എനിക്കു കൈവന്നിരിക്കുന്നു. പ്രദക്ഷിണം വച്ചതു് കപ്പലിലല്ല, വിമാനത്തിലായിരുന്നു എന്ന വ്യത്യാസമേ ഉള്ളു. ഭൂമിയെന്ന അന്തരീക്ഷയാനത്തിൽ കയറി സൂര്യനെ ഇതിനകം എഴുപത്തൊന്നു തവണ ഞാൻ പ്രദക്ഷിണംവെച്ചിരിക്കുന്നു. ഇനിയൊരിക്കൽക്കൂടി ഭൂപ്രദക്ഷിണം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ, ഭൂപ്രദക്ഷിണംചെയ്ത ഞങ്ങളുടെ കമ്പനിയിൽ കൂടുതൽ ആളുകൾ ചേരുന്നതിൽ എനിക്ക് ആഹ്ലാദമുണ്ട്.

ആൾ ഏറെ, ആനന്ദം ഏറെ!

**(1 മാർച്ച് 1987)**

# 43. എയ്ഡ്സ്രോഗവും ഇന്ത്യയിലെ ആഫ്രിക്കൻ വിദ്യാർത്ഥികളും

ദരിദ്രരാജ്യങ്ങൾക്കിടയിൽ വിദ്യാഭ്യാസകാര്യത്തിൽ താരതമ്യേന മുന്നിട്ടുനിൽക്കുന്ന ഒരു രാജ്യമാണ് ഇന്ത്യ. അതിനാൽ, മററു ദരിദ്രരാജ്യങ്ങളിൽനിന്നു കുറെയധികം വിദ്യാർത്ഥികൾ ഇന്ത്യയിൽ വന്നു പഠിക്കുന്നുണ്ട്. ഇവരിൽ ഭൂരിഭാഗവും ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നുള്ളവരാകുന്നു.

ആഫ്രിക്കൻ രാജ്യങ്ങളിൽ മാരകമായ എയ്ഡ്സ്രോഗം ഒരു പകർച്ചവ്യാധിപോലെ പടർന്നുപിടിച്ചിട്ടുണ്ടെന്നു് അറിവായതോടെ ആ രാജ്യങ്ങളിൽനിന്നുവന്ന വിദ്യാർത്ഥികളെ ഇന്ത്യയിലെ വിദ്യാഭ്യാസാധികൃതർ സംശയദൃഷ്ടിയോടെ നോക്കാൻ തുടങ്ങി. രക്തത്തിൽ എയ്ഡ്സ് രോഗാണുക്കൾ ഉണ്ട് എന്നു പരിശോധനയിൽ വെളിപ്പെട്ടതിനെത്തുടർന്നു് കൊല്ലത്തെ ടി. കെ. എം. എൻജിനീയറിങ് കോളേജിൽനിന്നു രണ്ടു് ആഫ്രിക്കൻ വിദ്യാർത്ഥികളെ അവരുടെ നാട്ടിലേക്ക് ഏതാനും മാസങ്ങൾമുമ്പു തിരിച്ചയച്ച വാർത്ത പലരും ഓർക്കുന്നുണ്ടാവും.

എല്ലാ വിദേശീയ വിദ്യാർത്ഥികളെയും നിർബന്ധമായി എയ്ഡ്സ്രോഗ പരിശോധനയ്ക്കു വിധേയരാക്കണമെന്നു് ഇപ്പോൾ ദില്ലി യൂണിവേഴ്സിററിയിലെ രജിസ്ട്രാർ ആ സർവകലാശാലയുടെ കീഴിലുള്ള കോളേജുകൾക്ക് ഒരു സർക്കുലർ അയച്ചിട്ടുണ്ടത്രെ. എത്രയും മുമ്പേ ഈ നടപടികൾ കൈക്കൊള്ളേണ്ടതായിരുന്നു എന്നും, ദില്ലി യൂണിവേഴ്സിററിയുടെ മാതൃക ഉടൻതന്നെ ഇന്ത്യയിലെ എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളും പിൻപററേണ്ടതാണ് എന്നുമായിരിക്കും നമ്മുടെ പ്രതികരണം. പക്ഷേ, ഇന്ത്യയിലെ ആഫ്രിക്കൻ വിദ്യാർത്ഥികൾ ഇതിനെത്തുടർന്നു സംഭ്രാന്തരായിരിക്കുകയാണ്.